# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 787

13.06.2012-ൽ മറുപടിയ്ക്ക്

## പനത്തുറക്കര-കടലാക്രമണത്തിൽ നിന്നും സംരക്ഷണം

ചോദ്യം : ശ്രീ.വി.ശിവൻകുട്ടി

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) നേമം മണ്ഡലത്തിലെ വെള്ളാർ വാർഡിലെ പനത്തുറക്കരയിലുള്ള ഇസ്ലാം മത വിശ്വാസികളുടെ ആരാധനാലയം, സംരക്ഷണ ഭിത്തി/പുലിമുട്ട് സ്ഥാപിക്കാത്തതു കാരണം കടലെടുക്കാൻ സാദ്ധ്യതയുള്ള അവസ്ഥയിലാണെന്ന് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ സംരക്ഷണ ഭിത്തിയുണ്ടെങ്കിലും അതിന്റെ ബലപ്പെടുത്തൽ ആവശ്യമാണ്. |
| (ബി) പ്രസ്തുത ആരാധനാലയത്തെയും തീരപ്രദേശത്തെയും സംരക്ഷിക്കാൻഎന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (ബി) നിലവിലുള്ള സംരക്ഷണഭിത്തി ബലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സെൻട്രൽ വാട്ടർ കമ്മീഷന്റെ അംഗീകാരം ലഭ്യമാകുന്നതിനായി സമർപ്പിച്ചിരിക്കുന്ന പുലിമുട്ടുകളുടെ നിർമ്മാണ പദ്ധതിയിൽ ഈ പ്രദേശത്തിന്റെയും സംരക്ഷണം ലക്ഷ്യമിട്ടിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ